**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6522** **20-03-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഫിഷറീസ് വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫിഷറീസ് വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കുന്നത്തുനാട് മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കുന്നത്തുനാട് മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി നിലവിൽ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഫിഷറീസ് വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ

1) **ശുദ്ധജലത്തിലെ കൂട് കൃഷി**

ശുദ്ധജല സ്രോതസുകളായ ക്വാറി, കുളങ്ങൾ, ആഴം കൂടിയ വെള്ളക്കെട്ടുകൾ എന്നിവയിൽ കൂടുകൾ സ്ഥാപിച്ച് ശുദ്ധജല മത്സ്യകൃഷി ചെയ്യുവാൻ സാധിക്കുന്നതാണ്. 60 ക്യൂബിക് മീറ്റർ വിസ്തൃതിയുള്ള 2 കൂടുകൾ അടങ്ങുന്ന ഒരു യൂണിറ്റിന് ചെലവ് 3.00 ലക്ഷം രൂപയാണ്. ഇതിൽ അടിസ്ഥാന പ്രവർത്തന ചെലവുകൾക്ക് 1.8 ലക്ഷം രൂപയും ഉൾപ്പെടുന്നു. പുതിയ യൂണിറ്റുകൾക്ക് യൂണിറ്റ് ചെലവിന്റെ 40% ഉം, ഇതിനകം സ്ഥാപിച്ച യൂണിറ്റിന് മൽസ്യം, തീറ്റ എന്നിവ സൗജന്യമായും നൽകുന്നു.

2) **റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം**

വളരെ ചെറിയ വിസ്തൃതിയിൽ നിന്നും നിയന്ത്രിത സാഹചര്യത്തിൽ ഉയർന്ന നിക്ഷേപ സാന്ദ്രതയിൽ കൂടുതൽ മത്സ്യോത്പാദനം ലഭ്യമാക്കുന്ന ഒരു കൃഷി രീതിയാണ് ഇത്. പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതി പ്രകാരം ജനറൽ വിഭാഗങ്ങൾക്ക് 40% സബ്സിഡി, വനിതകൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 60% സബ്സിഡി തുക ലഭിക്കുന്നു. ജനകീയ മത്സ്യകൃഷി പ്രകാരം എല്ലാ വിഭാഗത്തിലുള്ളവർക്കും 40% ആണ് സബ്സിഡി തുക .

3) **ശാസ്ത്രീയ കാർപ്പ് കൃഷി**

കാർപ്പ് മത്സ്യകൃഷിക്കായി സമ്മിശ്ര കൃഷി രീതിയാണ് അവലംബിച്ച് വരുന്നത്. ഒന്നിലധികം കാർപ്പ് മത്സ്യങ്ങളെ ഒരുമിച്ച് ഒരേ ജലാശയത്തിൽ വളർത്തുന്ന കൃഷി രീതിയാണിത്.

പുതിയതായി കൃഷി ചെയ്യുന്ന കുളങ്ങൾക്ക് 40 % തുകയും, മാതൃകാ കുളങ്ങളായി കൃഷി ചെയ്തു വരുന്ന കുളങ്ങൾക്ക് മൽസ്യം സൗജന്യമായും നൽകുന്നു.

4) **പൊതുകുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി**

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അംഗീകരിച്ച് നൽകുന്ന പൊതുകുളങ്ങളിലേയ്ക്ക് മത്സ്യവിത്ത് ഉത്പ്പാദന കേന്ദ്രങ്ങളിൽ നിന്നും ഹെക്ടറിൽ 5000 എന്ന നിലയിൽ സൗജന്യമായി മത്സ്യവിത്തുകൾ നൽകുന്നു. കുന്നത്ത്നാട് നിയോജകമണ്ഡലത്തിലെ 4 പഞ്ചായത്തുകളായ മഴവന്നൂർ, ഐക്കരനാട്, വടവുകോട് പുത്തൻകുരിശ് , കുന്നത്ത്നാട് എന്നിവിടങ്ങളിലെ 92 കുളങ്ങളിലേയ്ക്ക് 14.79 ഹെക്ടർ ഏരിയയിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

5) **<u>അർദ്ധ ഊർജ്ജിത നൈൽ തിലാപ്പിയ മത്സ്യകൃഷി</u>**

ജനകീയ മത്സ്യകൃഷി പ്രകാരം നിക്ഷേപിക്കുന്ന മത്സ്യവിത്തിന്റെ 70% സബ്സിഡിയായി നൽകുന്നു. ഹെക്ടറിൽ 30,000 എന്നതാണ് വിത്തിന്റെ നിക്ഷേപ സാന്ദ്രത.

6) **<u>മുറ്റത്തൊരു മീൻതോട്ടം</u>**

ഈ പദ്ധതിയ്ക്ക് ആവശ്യമായ മത്സ്യവിത്ത് ഫിഷറീസ് വകുപ്പിൽ നിന്നും സൗജന്യമായി നൽകുന്നു. ഒരു ഗുണഭോക്താവിന് ഒരു യൂണിറ്റ് മാത്രമാണ് അനുവദിക്കുന്നത്. ഗ്രാമ പഞ്ചായത്തുകൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്.

7) **<u>ബയോഫ്ളോക്ക് മത്സ്യകൃഷി</u>**

കുറഞ്ഞ സ്ഥല വിസ്തൃതിയിൽ ഉയർന്ന ഉത്പ്പാദന ക്ഷമത ലഭ്യമാകുന്ന പദ്ധതിയാണ്. ജലവിനിയോഗ വിനിമയ നിരക്ക് ഏറ്റവും കുറഞ്ഞതാണ്. പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് 40% സബ്സിഡിയും വനിത/പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് 60% സബ്സിഡിയും നൽകി വരുന്നു. ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം എല്ലാ വിഭാഗക്കാർക്കും 40% സബ്സിഡി നൽകി വരുന്നു.

**<u>ഫിഷറീസ് വകുപ്പിനു കീഴിൽ മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

മത്സ്യഫെഡും സഹകരണ സംഘം / ബാങ്കുകളുമായിട്ടുള്ള ഫ്രാഞ്ചൈസി ഫിഷ് മാർട്ട് വ്യവസ്ഥയിൽ നെല്ലാട് സർവ്വീസ് സഹകരണ ബാങ്കിന്റെ ഫ്രാഞ്ചൈസി ഫിഷ് മാർട്ട് 19.01.2022 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.